# ജലകാമനയുടെ വേദാന്തം

**ഡോ. ആർ. വിശ്വനാഥൻ**

വിപ്ലവത്തിന്റെ പരാജയത്തെക്കുറിച്ച് ഇതിഹാസം രചിച്ച കവിയാണ് അക്കിത്തം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കാവ്യമണ്ഡലത്തിലെ പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന അടിസ്ഥാനമൂലകങ്ങൾ അഗ്നിയും പ്രചണ്ഡമാരുതനുമല്ല. ഇവ രണ്ടിനേയും ഒരളവുവരെ ആജ്ഞാനുവർത്തികളാക്കാൻ പോന്ന മറ്റൊരു മൂലകത്തെ അദ്ദേഹത്തിന്റെ ഭാവന വരിക്കുന്നു; അതിനെ ശാശ്വതസത്യമായി, ആദിസ്വരൂപമായി, ഉപാസിക്കുന്നു.

അക്കിത്തത്തിന്റെ കവിതയുടെ കേന്ദ്രമായി ഒരു ജലബിന്ദു തിളങ്ങുന്നുണ്ട്. അത് അശ്രുവും സ്വേദവും ജീവന്റെ സ്രോതസ്സുമാണ്. പ്രപഞ്ചം അതിൽ ബിംബിക്കുന്നു. അതിന്റെ സ്മിതം തമസ്സിലും കണ്ണിനു ദർശനം നല്കുന്നു.

ജലം ആർദ്രതയാണ്. അക്കിത്തം ആർദ്രതയുടെ, അലിവിന്റെ, കവിയാണ്. ഈ അലിവ് പാർത്ഥന്റെ വൈക്ലബ്യത്തിൽ പരിണമിക്കുന്നില്ല; അതു കവിയെ സിദ്ധാർത്ഥന്റെ പലായനമാർഗ്ഗത്തിലും കൊണ്ടു ചെന്നെത്തിക്കുന്നില്ല. അനുകമ്പയുടെ അശ്രു സൃഷ്ടിയിലേക്കു തന്നെ പ്രവഹിക്കുന്നു.

ഒരു കണ്ണീർക്കണം മറ്റു–
ള്ളവക്കായ് ഞാൻ പൊഴിക്കവെ
ഉദിക്കയാണെന്നാത്മാവിൽ
ആയിരം സൗരമണ്ഡലം.

(ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം')

പരദുഃഖത്തിന് അർഘ്യം നല്കുന്നതിൽ സാഫല്യം കണ്ടെത്തുന്ന മനസ്സിനു നേരുന്ന സ്തുതിഗീതമാണ് അക്കിത്തത്തിന്റെ കവിത. ജീവകാരുണ്യം അദ്ദേഹത്തിന് ആദർശമല്ല, സൗന്ദര്യശാസ്ത്രം തന്നയാണ്. അശ്രു ലവണവും ലാവണ്യവുമാണ്. 'മനുജാത്മാവേ, കരഞ്ഞിരിക്കുന്നേൻ' എന്നുള്ളതു കാവ്യരചനക്കുള്ള തന്റെ അർഹതകളിലൊന്നായി അദ്ദേഹം അഭിമാനത്തോടെ എടുത്തു പറയുന്നു (മനുഷ്യസന്നിധിയിൽ). മാത്രമല്ല, 'മാമകാത്മാവിലെ കണ്ണീർക്കണത്തെ' മാനിക്കാത്തവരോട് അക്കവിത മൗനവും ദീക്ഷിക്കുന്നു ('ഗായകനും ഗായകനും') കാരുണ്യജ്ഞാനദിവ്യഗർഭത്തിൽ അനവരതം വികസിപ്പോരാനന്ദത്തിന്റെ ബിന്ദുവാണ് അതിന്റെ ബീജം ('മനുഷ്യസന്നിധിയിൽ').

അനുകമ്പയുടെ ഈ ദിവ്യജലം ശുദ്ധസൗന്ദര്യത്തിന്റെ അവിച്ഛേദ്യഘടകമത്രേ. സമൂഹത്തിലെ ദുസ്സഹമായ ദൃശ്യങ്ങൾക്കിടയിൽ ഓണക്കാലത്ത് ഒരു പൂവ് ചിരിതൂകി നില്ക്കുന്നതു കവിയെ രോഷംകൊള്ളിക്കുന്നു. ഇടിഞ്ഞുപൊളിഞ്ഞ തന്റെ ലോകത്തിൽ അതിന്റെ ചിരി അരോചകമായ ഒരു വൈരുദ്ധ്യമാണ്. അതിൽ ചാരുതയില്ല. പൂവിനെ പറിച്ചെടുത്തു കശക്കിക്കളയുവാൻ തുനിയുന്ന കവി പെട്ടെന്ന്, അതിന്റെ കണ്ണിൽ, ഈ യുഗത്തിന്റെ വിഷാദം മുഴുവനും ഘനീഭവിച്ചിട്ടെന്നോണം ഒരു ബാഷ്പകണത്തിന്റെ തിളക്കം കണ്ടെത്തുന്നു.

ഉലകിലെ മധുരാനന്ദം മുഴുവനു–
മുറിയിരിപ്പുണ്ടതിനുള്ളിൽ
നിത്യനീരാമയലാവണ്യോജ്ജ്വല–
സത്യമിരിപ്പുണ്ടതിനുള്ളിൽ. ('ഇടിഞ്ഞുപൊളിഞ്ഞ ലോകം')

ജലകണത്തിന്റെ സാന്നിദ്ധ്യം പൂവിനെ അപൂർവ്വസൗഭാഗ്യത്തിന്റെയും നിരാമയസത്യത്തിന്റെയും ഇരിപ്പിടമാക്കി മാറ്റുന്നു.

വൈദാന്തികവിരക്തിയുടെയോ, ആത്മസംയമനത്തിന്റെയോ വക്താവല്ല അക്കിത്തം.

മഴത്തുള്ളികളേറ്റു മനസ്സു കുളിർപ്പിച്ചുനില്ക്കുന്ന മനുഷ്യനോടു കവി ചോദിക്കുന്നു:

വേറെയൊരപാരത-
യിങ്കൽ നിന്നാവാം പക്ഷേ,
ഊറിവീഴുന്നൂ നിൻകൈ-
വെള്ളയിൽ ജലബിന്ദു,
ഒരുനാളിലും വറ്റി-
പ്പോകയില്ലെ; -ന്നാലതി-
ലൊഴുക്കാൻ നിനക്കുണ്ടോ
വല്ലതും പൈക്കൂറയിൽ? ('ശൂന്യതയിൽ')

ഗാഥകളും ഇതിഹാസങ്ങളുമായി മാറിയ പൂർവ്വികരുടെ മഹാദുഃഖം കവി പൈതൃകമായി ആർജ്ജിച്ചിരിക്കുന്നു:

പൂതലിപ്പാർന്ന മരത്തടികൊണ്ടുള്ള
പോതത്തിലല്ല മത്സഞ്ചാരം
കണ്ണുനീർ തോരാത്ത പൂർവ്വികന്മാരുടെ
പുണ്യത്തിലാണതേ യാഥാർത്ഥ്യം
പത്നിയിൽനിന്നു പറിച്ചെടുക്കായൊരു
പണ്ടത്താൽ തീർപ്പിച്ച പൊന്നോടം
ദാനനീരിൽ ചേർത്തൊഴുക്കിയെൻ പൂർവ്വികൻ
ഞാനതിൻകൊമ്പത്തു ഭൂജാതൻ. ('കടൽയാത്ര')

ഈ പൈതൃകം ശക്തിയാണ്. ദൗർബ്ബല്യമല്ല. യുഗങ്ങളായി ഒഴുകിയ ശോകത്തിന്റെ പയസ്വിനികളിൽ നിന്നു കടഞ്ഞെടുത്ത സോമം തന്റെ തലമുറയ്ക്കു സൃഷ്ട്യന്മുഖമായ കർമ്മങ്ങളിൽ വ്യാപരിക്കുവാൻ ആവേശം പകരുന്നു:

ആയിരമശ്രുതരംഗിണി ചേരുമൊ-
രാഴി കടഞ്ഞിട്ടുളവായീ
ഒരുവരസൗരഭ, മൊരുവരസൗഭഗ-
മൊരു സുധ പൊരുളിൻപൊരുൾപോലെ
ഘോരതപഃകൃശ ഭാരതപൂർവ്വിക-
ധീരന്മാരുടെ മജ്ജകളിൽ. ('ഭാരതീയന്റെ ഗാനം')

അശ്രുവിലൊതുങ്ങിനില്ക്കുന്ന ഒരു കലാദർനത്തിന്റെ പരിമിതികളെപ്പറ്റി കവി ബോധവാനാണ്. ആപരിമിതികളുടെ അണപൊട്ടിക്കുവാൻ ജലത്തിന് അദ്ദേഹം പല മാനങ്ങളും നല്കുന്നുണ്ട്. ബാഷ്പത്തോടൊപ്പം സ്വേദത്തേയും അദ്ദേഹം കൊണ്ടാടുന്നു:

ആ വിയർപ്പിന്റെ തുള്ളിയുണ്ടിന്നുമെ-
ന്നാത്മശക്തിതൻ മുത്തുക്കിരീടമായ്
ഉജ്ജ്വലപ്രഭതൂകിത്തിളങ്ങുന്നി-
തുഗ്രമാമെന്നബോധാന്ധകാരത്തിൽ ('കരതലാമലകം')

കണ്ണീർക്കണം കൊണ്ട് ആത്മപ്രപഞ്ചവും സ്വേദകണംകൊണ്ടു കർമ്മപ്രപഞ്ചവും രചിക്കാം. കവി അതുകൊണ്ടും തൃപ്തനല്ല, തന്റെ കാവ്യമണ്ഡലത്തെ കൂടുതൽ വിപുലവും വൈവിദ്ധ്യമാർന്നതുമാക്കാൻ പൃഥിയേയും വായുവിനേയും അഗ്നിയേയും ആവാഹിക്കേണ്ടിയിരിക്കുന്നു. അതേസമയം അലിവിന്റെ ജലം തന്നെ സർഗ്ഗപ്രക്രിയയുടെ ആധാരമായി, ആദിഭൂതമായി വർത്തിക്കുകയും വേണം. ഈ സമസ്യകൾക്ക് വേദസങ്കല്പങ്ങളിലൂടെയാണ് അക്കിത്തം പരിഹാരം കണ്ടെത്തുന്നത്. അപ്പുകളിൽ അഗ്നിയും വായുവുമുണ്ടെന്ന വേദതത്ത്വത്തെ കവി പല സന്ദർഭങ്ങളിലും സാക്ഷാത്കരിക്കുന്നു:

1. തമസ്സാൽത്തളരുമെൻ നേത്രത്തി–
   ലാവിർഭവിക്കുന്ന കണ്ണുനീരേ
   നീയാവാമിജ്ജഡബ്രഹ്മാണ്ഡകോടിയിൽ
   ജീവാതു കത്തിയിടുന്ന സൂര്യൻ ('വെളിച്ചം തിരഞ്ഞു')
2. മീനിന്നുവേണ്ടീടിന വായുവെല്ലാം
   ജലത്തിലുണ്ടെന്നതു സത്യമെങ്കിൽ ('പൂമ്പാറ്റകൾ')

ആകാശത്തിലെ തപ്തബാഷ്പം വീണുറഞ്ഞുണ്ടായതാണ് ഭൂമി എന്നുകൂടി സമർത്ഥിക്കുമ്പോൾ ഈ ആദിജലസിദ്ധാന്തം പൂർണ്ണമാകുന്നു.

അമേയാനന്ദനിർമ്മഗ്ന–
നാകിലും ദുഃഖിയാണു നീ
നിത്യനിർമ്മുക്തിയില്ലാത്ത
നിന്നിലെബ്ബന്ദീയല്ലി നീ!
ഒരിക്കൽ നിൻ തീവ്രതാപ–
മടർന്നുരുകിവീഴവേ
അതിനുണ്ടായ പേരല്ലോ
ഭൂമിയെന്നതനന്തമേ!

'ഭൂമി' എന്ന കവിത ഈ സിദ്ധാന്തത്തിന്നൊരപവാദമാണെന്നു തോന്നാം. എന്നാൽ കവിയുടെ സൂചനകൾ പിന്തുടർന്നാൽ അപവാദശങ്കയ്ക്കും അവകാശമില്ല. തപസ്സാൽ തന്റെ ആദരം കൈവരിച്ച അംബരത്തിലോ വിക്ഷോഭത്താൽ തന്റെ സ്നേഹം ആർജ്ജിച്ച അംബുധിയിലോ അമ്മയായ ഭൂമിയുടെ മുഖത്തെ സൗഭാഗ്യം കണ്ടിട്ടില്ലെന്നു കവി പറയുന്നു. അതേസമയം, ഈ സൗഭാഗ്യത്തിനുമാധാരം 'അമ്മ' ചുരത്തുന്ന വാത്സല്യവും മക്കളെപ്പറ്റിയുള്ള ആകാംക്ഷയാൽ നിർന്നിദ്രമായ കൺകുഴികളുമാണെന്നത് പ്രത്യേകം ശ്രദ്ധേയമത്രെ.

ശ്രേഷ്ഠവും സൃഷ്ട്യന്മുഖവുമായ എല്ലാ മാനുഷികവ്യാപാരങ്ങളിലും അക്കിത്തം ജലത്തിന്റെ മഹാസാന്നിദ്ധ്യം ഒരു ആർദ്രപ്രഭാവമായി, ആദിമൂലകമായി, ദർശിക്കുന്നു. മറ്റു മൂലകങ്ങളെ നിയന്ത്രിച്ചും അവയുടെ പ്രഭാവത്തിനു നിദാനമായും അത് അദ്ദേഹത്തിന്റെ കാവ്യപ്രപഞ്ചത്തിൽ സർവ്വവ്യാപിയായി വർത്തിക്കുന്നു. അതിൽനിന്നുമുയിരെടുത്ത അഗ്നിയും അതിന്റെതന്നെ ഘനിഭൂതരൂപമായ പൃഥ്വിയും ബിംബകല്പനകളിലെ മുഖ്യഘടകങ്ങളായി മാറുമ്പോൾ കവിതയ്ക്കു പലപ്പോഴും കൂടുതൽ ഉറപ്പും ഓജസ്സും കൈവരുന്നു. കണ്ണുനീർ ശിലയായും മുത്തായും ഉറയുന്ന കല്പനകൾ അക്കിത്തത്തിന്റെ കവിതയിൽ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്:

ഊറും കണ്ണീർ തനിയേ മുത്തായ്
തീരുന്നുണ്ടാമുത്താലേ,
നമ്മൾ ജയിപ്പൂ ശോകത്തെ, സ്സഖി
നമ്മൾ രചിപ്പു നാകത്തെ. ('ഭാരതീയന്റെ ഗാനം')

ശിലകളിൽ നിന്നും ലോഹങ്ങളിൽ നിന്നും ബാഷ്പം പൊടിയുന്ന ചിത്രങ്ങളും കവി പലപ്പോഴായി അവതരിപ്പിച്ചിട്ടുണ്ട്. കാരിരുമ്പിന്റെ എഴുത്താണിയിലൂടെയാണ് തുഞ്ചന്റെ ഭക്തിയും ആർദ്രവികാരങ്ങളും പ്രവഹിച്ചതെന്നു കവി പുളകത്തോടെ ഓർക്കുന്നു. 'ഇരുമ്പിന്റെ കണ്ണുനീർ' എന്ന കവിതയിൽ പണിയിൽ മുഴുകിയ കൊല്ലനെ ഭാര്യ വിഷം തീണ്ടി മരിച്ച വിവരം അളിയൻ അറിയിക്കുന്നു. പക്ഷേ, കൊല്ലൻ അത് കേൾക്കാത്ത മട്ടിൽ ഉലയിൽ ത്തന്നെ കണ്ണും നട്ടിരിക്കുകയാണ്. ഉലയിലെ അഗ്നി ജ്വലിക്കുന്നു; ലോഹക്കഷ്ണങ്ങൾ ചുട്ടുപഴുക്കുന്നു. പെട്ടെന്ന് ഉലയിൽ നിന്നുള്ള സ്ഫോടനംപോലെ കൊല്ലന്റെ അടക്കിയ ശോകം മുഴുവനും പൊട്ടിത്തെറിക്കുന്നതോടെ കവിത നാടകീയമായി അവസാനിക്കുന്നു. സലിലമായത് ഘനീഭവിച്ചു ശിലയുടെ സൗകുമാര്യം ആർജ്ജിക്കുന്നതുപോലെത്തന്നെ, കാഠിന്യത്തിന്റെ പെട്ടെന്നുള്ള

ആർദ്രവഭാവപ്രകടനവും അക്കിത്തത്തിന് ആഭിമുഖ്യമുള്ള സങ്കല്പമാണ്.

ജീവിതത്തിന്റെ മുഗ്ദ്ധവും പ്രസന്നവുമായ ഭാവങ്ങളെ ഉന്മീലനം ചെയ്യുമ്പോൾ ജലത്തിന്റെ ആർദ്രസ്പർശം ചിത്രങ്ങളെ ചൈതന്യവത്താക്കുന്നു. ഓർമ്മയിലെ ഏതോ തീർത്ഥത്തിന്റെ ലയം ബിംബകല്പനകളിലൂടെയും പദസങ്കേതങ്ങളിലൂടെയും കവി അനുവാചകനിലേക്കു പകരുന്നു. നഗരത്തിലെ കത്തിക്കാളുന്ന വെയിലിൽ തുലാവർഷവും കാത്ത് ആകാശത്തിലേക്കു നോക്കി ഉലാത്തുന്ന ഏരുമകൾ തമിഴ്നാട്ടിലെ കാർത്തികോത്സവത്തിന്റെ മധുരസ്മരണകൾ അയവിറക്കുകയാണ്.

ദിവ്യജ്ഞാനപ്പഴച്ചാറി–
ലാണ്ടവൻ കരുണാനിധി
കാർത്തികോത്സവമാഘോഷി–
ച്ചീടുമീപ്പുണ്യവേളയിൽ
തന്റെ വാഹനമാഹ്ലാദി–
ച്ചാടുവാനുള്ള കൗതുകാൽ
കാതിലിമ്പമൊഴുക്കും ചെ–
ന്തമീഴ്നാടിന്റെ വായുവിൽ
പന്ത്രണ്ടുകണ്ണും തുറന്നു
കടാക്ഷങ്ങൾ പൊഴിക്കവേ
ജീവാമൃതങ്ങ,ളാകാശ–
ഗംഗാഹർഷങ്ങളൂഴിയിൽ
പതിയാതെയിരുന്നിട്ടി–
ല്ലിന്നേവരെയൊരിക്കലും
......................................
മഞ്ഞുകട്ടകൾ പോൽക്കൊങ്ങൻ
മഴത്തുള്ളികളീക്ഷണം
വീണുപൊട്ടും പുറത്തപ്പോൾ
കുളിർകോരും കരിമ്പുറം
ഒരാണ്ടുകൂടിജ്ജീവിപ്പി–
ച്ചീടുമാപ്പുളകോൽഗമം! (‘തുലാവർഷം’)

ഐശ്വര്യത്തിന്റെയും കർമ്മസാഫല്യത്തിന്റെയും ഗതകാലചിത്രങ്ങളിൽ അഗ്നിയും വായുവും പൃഥ്വിയും ജലവുമായി രമ്യതയിൽ വർത്തിക്കുന്നു. അഗ്നികുണ്ഡങ്ങളിൽ നിന്ന് പായസ (പയസ്സ്) പാത്രങ്ങളുമായി പൊങ്ങിവന്ന കർമ്മധീരന്മാരുടെയും ത്യാഗികളുടേയും പാരമ്പര്യമാണ് തനിക്കുള്ളതെന്നു കവി ബലിദർശനത്തിൽ പറയുന്നുണ്ടല്ലൊ. മൂലകാധിഷ്ഠിതമായ ബിംബകല്പനകൾക്ക് പൗരാണികമായ അർത്ഥവ്യാപ്തികൾ നല്കുന്നതിൽ അക്കിത്തത്തിനുള്ള ഭാവനാചാതുര്യം ഈ വരികളെ സ്മരണീയമാക്കുന്നു:

ഞങ്ങളാരെന്നോ? ഞങ്ങൾ
ചരിത്രഗ്രാമങ്ങളിൽ
മംഗളം വിളയുന്ന
കസ്തൂരിനിലങ്ങളിൽ
ആയിരത്താണ്ടിൻ കർമ്മ–
ത്തികെടാക്കുണ്ഡങ്ങളിൽ
പായസപാത്രത്തോടെ
പൊന്തിവന്നവരല്ലോ!

ചില വാങ്മയചിത്രങ്ങൾക്കിടയിൽ ജലം ഒരു ആന്തരസാന്നിദ്ധ്യമായി ഒളിഞ്ഞുകിടക്കുന്നുണ്ട്. അതിന്റെ അടിയൊഴുക്കുകൾ കല്പനകൾക്ക് ഒരു

പ്രത്യേകവശ്യത പകരുന്നു:

അമ്മതൻ മധുരോദാര–
വാത്സല്യസ്രുതിതൻ പത
ഇന്നുമുണ്ടെൻ പുകയില–
ക്കറകേറിയ ചുണ്ടിലും (ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം)

വാത്സല്യത്തിന്റെ പയസ്വിനികൾ വറ്റിയിരിക്കുന്നു. തന്റെ കാലഘട്ടത്തിലെ ധാർമ്മികത്വത്തിന്റെ ഞെട്ടിക്കുന്ന ദൃശ്യത്തിൽ കവി ആലേഖനം ചെയ്തിരിക്കുന്നു.

നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുല ചപ്പി വലിക്കുന്നു
നരവർഗ്ഗനവാതിഥി (ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം)

ഒരേസമയം ജീവജാലത്തിന്റെ സ്രോതസ്സായും കവിഭാവനയുടെ പ്രതിരൂപമായും അക്കിത്തം നിത്യമേഘത്തെ സങ്കല്പിക്കുന്നു. 'ഘനീഭവിപ്പൊരുദ്വിഗ്നമർത്യസങ്കല്പരൂപമായി, കാളിദാസന്റെ കാവ്യപ്രപഞ്ചത്തിന്റെ ആത്മാവായി, അനുഗ്രഹങ്ങൾ ചൊരിയുവാൻ നിത്യമേഘം ആകാശം നിറഞ്ഞു നില്ക്കുകയാണ്.

അവന്റെ കണ്ണിൽത്താഴത്തു
നിൽപ്പു വർഷാഘനാഘനം
സാനുവിൽ തിണ്ടുകുത്തുന്ന
കൊമ്പനാനകണക്കിനേ.
അതിൽത്തുള്ളിക്കളിക്കുന്നു
വെള്ളിൽക്കിളികളെന്നപോൽ
അഭൂതപൂർവ്വമാം കാന്ത
മനോഭാവക്കരുന്നുകൾ
അതിൽ ബിംബിപ്പു സന്തുഷ്ട–
മാര്യാവർത്തം മുഴക്കനെ
നിർജ്ജനം രാമഗിരിതൊ–
ട്ടളകാപുരിയോളവും ('നിത്യമേഘം')

ജലകണങ്ങളുതിർക്കുവാൻ സജ്ജമായി നില്ക്കുന്ന ഒരു നിത്യമേഘമാണ് അക്കിത്തത്തിന്റെ ഭാവനയും, അന്തരീക്ഷത്തിൽ അല്പം വ്യതിയാനങ്ങളുണ്ടായാൽ മതി, അതു വർഷിക്കുവാൻ തുടങ്ങും. അതുകൊണ്ടുതന്നെ, സമകാലികരായ മറ്റു പല കവികളേയും അപേക്ഷിച്ച് അദ്ദേഹം ധാരാളം എഴുതിയിട്ടുണ്ട്. എന്നാൽ പലപ്പോഴും ഒരു അശ്രുകണത്തിന്റെ ദർശനം കൊണ്ടു മാത്രം അദ്ദേഹത്തിന്റെ സംവേദനക്ഷമത തൃപ്തിയടയുന്നു. ആർദ്രഭാവങ്ങളോടുള്ള ആരാധന അതിഭാവുകത്വത്തിലേക്കു നയിക്കുന്ന സന്ദർഭങ്ങളും വിരളമല്ല. അത്തരം കൃതികളിൽ ജലം ഭാവനയുടെ അഗ്നിയെ കെടുത്തിക്കളയുന്നു.

'അശ്രുവിലെരിയുന്ന തിരി'യെപ്പറ്റി അക്കിത്തം ഒരിടത്തുപറയുന്നുണ്ട്. ഗായകന്റെ കണ്ണീർക്കണം വെണ്ണക്കല്ലായി ഉറഞ്ഞ കഥ പറഞ്ഞുതന്നതും അദ്ദേഹംതന്നെ. ഈ രണ്ടു സങ്കല്പങ്ങളും അക്കിത്തത്തിന്റെ സർഗ്ഗപ്രക്രിയയെ ദ്യോതിപ്പിക്കുന്ന രൂപകങ്ങളാണ്. കാവ്യതപസ്യയുടെ ഉദാത്തനിമിഷങ്ങളിൽ ഈ കവി ജലത്തിലെ ബഡവാഗ്നിയെ പ്രകാശിപ്പിക്കുന്നു; മനസ്സിലെ അശ്രുവിനെ വെണ്ണക്കല്ലായി ഘനീഭവിപ്പിച്ചെടുക്കുന്നു. ജലത്തിന്റെ ആർദ്രതയും ശിലയുടെ ദൃഢതയും ഒത്തിണങ്ങുന്ന ആ ശില്പങ്ങളിലൂടെ മലയാളകവിത അപൂർവ്വസാഫല്യമണഞ്ഞിട്ടുണ്ട്.